"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- ജീവനക്കാര്യം- കളർകോട് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഡയറക്ടറുടെ അധിക ചുമതല എറണാകുളം അസിസ്റ്റന്റ് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1144/2023/AGRI തീയതി,തിരുവനന്തപുരം, 29-11-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം 1000/2021/കൃഷി തീയതി 09/12/2021

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയരക്ടറുടെ ലെ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കളർകോട് പ്രവർത്തിക്കുന്ന കുട്ടനാട് എഫ്.എം 90.0 എന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന്റെ സ്റ്റേഷൻ ഡയറക്ടറുടെ അധികചുമതല പരാമർശം (1) ഉത്തരവ് പ്രകാരം ആലപ്പുഴ ആത്മ പ്രൊജക്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവായിരുന്നു. എന്നാൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നിയന്ത്രണത്തിൽ കുട്ടനാട് റേഡിയോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ പ്രവർത്തനം ഏകോപിക്കുന്നതിനും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ സ്റ്റാഫിനെ തന്നെ സ്റ്റേഷൻ ഡയറക്ടർ സ്ഥാനത്ത് നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നും കൂടാതെ ശമ്പളവും മറ്റ് ആനുകല്യങ്ങളും, മറ്റ് ദൈനംദിന ചിലവുകൾക്കായ് തുകകൾ തിരുവനന്തപുരം ഓഫിസിൽ നിന്നും മാറി നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളും, ദൈനംദിന ചിലവുകൾ നിർവ്വഹിക്കുന്നതിന് കാലതാമസവും നേരിടുന്നുവെന്നും ഈ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻറെ സ്റ്റേഷൻ ഡയറക്ടറുടെ അധികചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ എറണാകുളം റീജണൽ ഓഫീസിന്റെ DDO കൂടിയായ അസിസ്റ്റന്റ് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് നൽകി ഉത്തരവാകണമെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ കളർകോട് കുട്ടനാട് എഫ്.എം 90.0 എന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന്റെ, സ്റ്റേഷൻ ഡയറക്ടറുടെ അധികചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ എറണാകുളം റീജണൽ ഓഫീസിന്റെ DDO കൂടിയായ അസിസ്റ്റന്റ് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (**AGRI-EA1/199/2023-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ